**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 802** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠനമാർഗ്ഗം വിദ്യാർത്ഥികളിൽ ഉണ്ടാക്കിയ പ്രഭാവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. ലിന്റോ ജോസഫ്** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് അനിവാര്യമാക്കി തീർത്ത നിയന്ത്രണങ്ങൾ ഓൺലൈൻ പഠനമാർഗ്ഗം നിർബന്ധമാക്കിയത് വിദ്യാർത്ഥികളിൽ, വിശേഷിച്ച് പ്രൈമറി തലത്തിലുള്ളവരിൽ, എത്തരത്തിൽ പ്രഭാവം ചെലുത്തിയെന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | മഹാമാരിക്കാലത്ത് കുട്ടികളുടെ അക്കാദമികവും മനോ സാമൂഹികപരവുമായ അവസ്ഥയെ സംബന്ധിച്ച് തിരുവനന്തപുരത്തെ സർക്കാർ വനിതാകോളേജുമായി ചേർന്ന് എസ്.സി.ഇ. ആർ.ടി പഠനം നടത്തിയിട്ടുണ്ട്. |
| (ബി) | ഓൺലൈൻ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഒരാളും ഒഴിവാക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ ഡിജിറ്റൽ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ക്ലാസുകളാണ് ലഭ്യമാക്കുന്നത്. കോവിഡ് 19 ലോക്ക്ഡൗൺ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിന് കഴിയാതിരുന്ന സാഹചര്യത്തിലാണ് 'കൈറ്റ് വിക്ടേഴ്സ്' വിദ്യാഭ്യാസ ചാനലിലൂടെ ക്ലാസുകൾ സംപ്രേഷണം ചെയ്തിരുന്നത്. ഏതെങ്കിലും കുട്ടികൾക്കോ, പ്രദേശത്തോ ക്ലാസുകൾ കാണുന്നതിന് പ്രയാസം നേരിട്ടാൽ സ്കൂൾ പ്രഥമാധ്യാപകർ, പി.ടി.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, എസ്.എസ്.കെ. കോ-ഓർഡിനേറ്റർമാർ, എസ്.പി.സി., എൻ.എസ്.എസ് വോളണ്ടിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങി വിവിധ സംഘടനകളുടെയും ഏജൻസികളുടെയും സഹായത്താൽ ക്ലാസുകൾ കാണുന്നതിനുള്ള അവസരമൊരുക്കുന്നതിന് ക്രമീകരണങ്ങൾ നടത്തിയിരുന്നു. വീട്ടിൽ ടി.വി., സ്മാർട്ട് ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്കും ക്ലാസുകൾ കാണാൻ അവസരം ഒരുക്കുന്നതിനായി ക്ലാസ് ടീച്ചർ കുട്ടിയുമായി ആശയവിനിമയം നടത്തി പ്രഥമാധ്യാപകരുമായി ആലോചിച്ച് ക്ലാസുകൾ കാണുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ഓരോ ദിവസവും വ്യത്യസ്ത |

| | | | |
|---|---|---|---|
| | | | ക്ലാസുകളിൽ പരമാവധി അര മണിക്കൂർ മുതൽ രണ്ട് മണിക്കൂർ വരെയാണ് ക്ലാസുകളുടെ സംപ്രേഷണം എന്നതിനാൽ അത്രയും സമയം കാണാനോ അല്ലെങ്കിൽ പിന്നീട് വെബ്ബിൽ നിന്നും കാണാനോ ആണ് സൗകര്യം ഒരുക്കുന്നത്. ഇതിന് ഓരോ പ്രദേശത്തിന്റേയും കുട്ടിയുടേയും സാഹചര്യത്തിനനുസരിച്ച് വ്യത്യസ്തങ്ങളായ മാർഗങ്ങൾ അനുവർത്തിക്കേണ്ടി വന്നേക്കാം. അടുത്തു താമസിക്കുന്ന സഹപാഠിയുടെയോ, അയൽ വീടുകളിലെയോ, ഗ്രന്ഥശാലകൾ/അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാനപങ്ങളുടെയോ ടി.വി/ ഇന്റർനെറ്റ് സേവനങ്ങളോ, വിദൂരതയിലുള്ള സ്ഥലങ്ങളിൽ എസ്.എസ്.കെ കോർഡിനേറ്റർമാർ, എസ്.പി.സി, എൻ.എസ്.എസ്. വാളന്റിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ലാപ്ടോപ്പും പ്രൊജക്ടറും ഉപയോഗിച്ചോ (അവിടെ ഇന്റർനെറ്റ് സൗകര്യം ഇല്ലെങ്കിലും നേരത്തെ ഡൗൺലോഡ് ചെയ്ത് ഉള്ളടക്കം പ്രദർശിപ്പിക്കാം) തൊട്ടടുത്ത സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്തിയോ ആണ് ഇത് പ്രാവർത്തികമാക്കുന്നത്. ഇങ്ങനെ ക്ലാസുകൾ കാണുന്നതിന് അവസരം ഒരുക്കുമ്പോൾ ഒരു ക്ലാസിലെ കുട്ടിക്ക് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം കൊണ്ട് മാത്രം എല്ലാ ക്ലാസുകളും ഒരുമിച്ച് നൽകുന്ന വിധത്തിൽ ഹൈടെക്, ഹൈടെക് ലാബ് പദ്ധതികളിലെ ഐ.ടി സംവിധാനങ്ങളും ഉപയോഗിക്കുന്നതിന് പ്രത്യേക നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരസ്പരം സംവദിക്കാവുന്ന തരത്തിലായിരുന്നോ ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിക്കപ്പെട്ടിരുന്നതെന്ന് വിശദമാക്കാമോ; | (സി) | കഴിഞ്ഞ വർഷം (2020-21) ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ക്ലാസുകൾ കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുകയും അത് കുട്ടികളിലെത്തിക്കുകയുമാണ് ചെയ്യുന്നത്. ഈ വർഷം ഡിജിറ്റൽ ക്ലാസുകൾക്കൊപ്പം അധ്യാപകരെ തന്നെ അവരവരുടെ വിദ്യാർത്ഥികളുമായി ഓൺലൈൻ സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് നേരിട്ട് വിനിമയം ചെയ്യുന്നതിനുള്ള സൗകര്യങ്ങളാണ് ഡിജിറ്റൽ പഠനത്തിനൊടൊപ്പം ഏർപ്പെടുത്തുന്നത്. അതിനായി ജി-സ്യൂട്ട് പ്ലാറ്റ്ഫോം കൈറ്റ് സജ്ജമാക്കിയിട്ടുണ്ട്. ഘട്ടംഘട്ടമായി ഓൺലൈൻ ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള ട്രയൽ, പൈലറ്റ് ക്ലാസുകൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. |
| (ഡി) | കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുള്ള പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെ പല ഗ്രൂപ്പായി തിരിച്ച് സാമൂഹ്യ അകലവും മറ്റ് നിയന്ത്രണങ്ങളും | (ഡി) | പഠനത്തിന്റെ സാമൂഹികതലം ഉറപ്പുവരുത്തുന്നതിന് കുട്ടിയും അധ്യാപകനും സ്കൂളിലെത്തേണ്ടതുണ്ട്. കൂട്ടായി പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | പാലിച്ച് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസമെങ്കിലും ക്ലാസ്സ് ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുമോ? | | ഇത് എങ്ങിനെ സാദ്ധ്യമാക്കണമെന്നത് കോവിഡ് മഹാമാരിയുടെ വ്യാപനം കുറയുന്നതോടെയോ സാധ്യമാകൂ എന്നാണ് വിലയിരുത്തപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ